(iii) പ്രമേയങ്ങൾ

1. കണ്ണൂർ, കാസർകോട് ജില്ലകളിൽ നിലവിലിരിക്കുന്ന വോൾട്ടേജ് ക്ഷാമം

(ശ്രീ. കെ. സി. ജോസഫ് 27-6-1986-ന് അവതരിപ്പിച്ച പ്രമേയം)

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുകയാണ്. കണ്ണൂർ കാസർകോടു ജില്ലകളിൽ മാത്രമല്ല ഈ ദുഃസ്ഥിതിയെന്ന കാര്യം ബഹുമാനപ്പെട്ട പ്രമേയവതാരകനും അറിയാമെന്നാണ് എന്റെ വിശ്വാസം.

'വെളിച്ചവിപ്ലവം' നടപ്പിലാക്കിയെന്നാണ് ഗവൺമെന്റ് അവകാശപ്പെടുന്നത്. കഴിഞ്ഞ ഒരുകൊല്ലക്കാലത്താണ് ഈ വിപ്ലവം നടത്തിയത്. കഴിഞ്ഞ ഒരുകൊല്ലക്കാലത്തു നൽകിയ കണക്ഷനുകളെ സംബന്ധിച്ചുള്ള വ്യക്തമായ യാതൊരു കണക്കും കിട്ടിയിട്ടില്ല. വീടുകൾ, വൻകിട വ്യവസായ സ്ഥാപനങ്ങൾ, ഹരിജൻ കോളനികൾ എന്നിവക്ക് എത്രമാത്രം വൈദ്യുതി നൽകാൻ കഴിഞ്ഞുവെന്നത് സംബന്ധിച്ച് വ്യക്തമായ കണക്കില്ല. എത്ര ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചു എന്നതിനും കണക്കുകളുണ്ടോയെന്നറിയില്ല. തോട്ടം തൊഴിലാളികളുടെ ധാരാളം വീടുകൾ വയർ ചെയ്തിട്ടിട്ട് വർഷങ്ങളായിട്ടുണ്ട്. വൈദ്യുതി ലഭിച്ചിട്ടില്ല.

സർ, ഇത് പവർകട്ടിന്റെ ഒരു കാലഘട്ടമാണ്. മന്ത്രിമാർ പരസ്പരം 'പവർ' കട്ട് നടത്തുന്നു. മുഖ്യമന്ത്രി നമ്മുടെ ഇലക്ട്രിസിറ്റി മന്ത്രിയുടെ ''പവർ'' കട്ട് ചെയ്തു. അദ്ദേഹം തിരിച്ചുവന്നപ്പോൾമുതൽ ''cut'' തുടങ്ങി. എല്ലാവരുടെയും പവർ അദ്ദേഹവും ''cut'' ചെയ്തിരിക്കുന്നു. വോൾട്ടേജ് പൂർണ്ണമായി നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് ഇംപ്രൂവ്മെന്റുണ്ടാക്കുക വലിയ ബുദ്ധിമുട്ടാണെന്നതിനു സംശയമില്ല. വൈദ്യുതി കട്ടിനു കാരണം ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനം ഗവൺമെന്റിനില്ല എന്നുള്ളതാണ് എന്നാണ് ഞാൻ മനസിലാക്കുന്നത്. ഇടുക്കി, ലോവർ പെരിയാർ പദ്ധതികൾ യഥാകാലം ആരംഭിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. സെൻട്രൽ പൂളിൽനിന്നും 50 മെഗാവാട്ട് വീതം രാമഗുണ്ടം, കൽപ്പാക്കം എന്നിവിടങ്ങളിൽ നിന്നും അലോട്ടുമെന്റ് ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഉപയോഗിക്കാൻ കഴിയുന്നില്ല.

സർ, പരീക്ഷാകാലഘട്ടത്തിൽ വൈദ്യുതി കട്ട് മൂലം ലക്ഷക്കണക്കിനു വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. പെരുതും വലുതുമായ നിരവധി വ്യവസായശാലകൾ പൂട്ടിയിടേണ്ടി വന്നിരിക്കുന്നു. പലയിടത്തും ശുദ്ധജലവിതരണം തന്നെ മുടങ്ങിയിട്ടുണ്ട്. 10 ദിവസം മുമ്പത്തെ കണക്കനുസരിച്ച് വ്യവസായ രംഗത്ത് വൈദ്യുതി കട്ട്മൂലം കൊല്ലം മേഖലയിൽമാത്രം 10 കോടി രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കുന്നത്.

സർ, ഈ ദുഃസ്ഥിതി അവസാനിപ്പിക്കുവാൻ ആവശ്യമായ കരുതലുകൾ എന്ന നിലയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റും സബ്സ്റ്റേഷൻ, സെക്ഷൻഓഫീസ് തുടങ്ങിയവ സ്ഥാപിച്ചും മറ്റും പരിഹാര നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് വോൾട്ടേജ്

LIBRARY ARCHIVES Kerala Legislative Assembly

ഇംപ്രൂവ്മെന്റിനു് അടിയന്തിര നടപടികളും സ്വീകരിക്കണം. കണ്ണൂർ, കാസർകോടു് ജില്ലകളോടൊപ്പം തന്നെ മറ്റു വോൾട്ടേജു് കുറഞ്ഞിട്ടുള്ള പ്രദേശങ്ങളിൽകൂടി ആവശ്യമായ രീതിയിലുള്ള സംവിധാനം ഉണ്ടാക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ഈ പ്രമേയത്തെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.സി. ജോസഫ്)

ശ്രീ. കെ.ടി. കുമാരൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണു്. ഡോ: ജോസഫു് അവസാനനിമിഷത്തിൽ പിൻവലിച്ചു പോകരുതെന്നൊരഭ്യർത്ഥനകൂടിയുണ്ടു്. വോൾട്ടേജു് കമ്മിയെ സംബന്ധിച്ചിടത്തോളം അടിയന്തിരമായി പരിശോധിച്ചു് വേണ്ട നടപടി സ്വീകരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. കാരണം കാസർകോടു്, ഹോസ്ദുർഗു് താലൂക്കുകളിൽ ഇന്നു് കറണ്ടു് ഇല്ലാത്ത അങ്ങേയറ്റം വിഷമിക്കുകയാണു്. ഇന്ന പുറമേ ആർക്കും തന്നെ കറണ്ടു് വിൽപ്പന നടത്തുന്നില്ലെന്നാണു നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ ഇപ്പോൾ പറയാറു്. പക്ഷേ നമ്മൾ കർണ്ണാടകത്തിനു് കറണ്ടു് കൊടുക്കുന്നുണ്ടു്. ആ കറണ്ടു് ആണു് യഥാർത്ഥത്തിൽ നമ്മുടെ കാസർകോടു്, ഹോസ്ദുർഗു് താലൂക്കുകളിൽ വിതരണം ചെയ്യുന്നതു്. നമ്മുടെ ഹരിജൻ കോളനികളിൽ കറണ്ടുകൊടുക്കുന്നതിനു, ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിനും കറണ്ടു് ഇല്ലാത്തതിന്റെ പേരിൽ വളരെയേറെ വിഷമിക്കുകയാണു്. ഹരിജൻ കോളനികളെ സംബന്ധിച്ചിടത്തോളം വിവിധ ഹരിജൻ കോളനികളിൽ വയറിംഗു് നടത്തിയിട്ട ഇന്നേവരെ കറണ്ടു് കൊടുത്തിട്ടില്ല. വെളിച്ചം വിപ്ലവം എന്നു പറയുന്ന അവസരത്തിൽ ഈ വയറിംഗു് നടത്തിയിട്ടുള്ള വീടുകളും, അതുപോലെതന്നെ മറ്റു ഫാക്ടറികളും എല്ലാം തന്നെയും വയറിംഗു് നടത്തി എന്നുള്ളതുകൊണ്ടു മാത്രം വെളിച്ചവിപ്ലവമാവില്ല. ആ സ്ഥലങ്ങളിലെല്ലാം അടിയന്തിരമായും കണക്ഷൻ കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്.

ശ്രീ. എസ്. ആർ. തങ്കരാജു്: സർ, ഈ പ്രമേയത്തോടു് ഞാൻ യോജിക്കുകയാണു്. കണ്ണൂർ, കാസർകോടു് ജില്ലകളിൽ മാത്രം ഉള്ള ഗതിയല്ല ഇതു്. തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ഗ്രാമപ്രദേശങ്ങളിലെയും അതുപോലെ മലയോരപ്രദേശങ്ങളിലെയും ജനങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഈ വളിച്ച വിപ്ലവം എന്നു പറയുന്ന അറിമറി പ്രഖ്യാപനം നടത്തിയതിനുശേഷം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒന്നു നേരിൽ കണ്ടു മനസ്സിലാക്കാൻ ഒരു ദിവസം യാത്ര ചെയ്യണമെന്നു് ഞാനഭ്യർത്ഥിക്കുകയാണു്. മലയോരപ്രദേശങ്ങളിലും, അതുപോലെ തന്നെ ഗ്രാമപ്രദേശങ്ങളിലും ചെന്നു നോക്കിയാൽ മിന്നാമിനുങ്ങിനെക്കാൾ ശോചനീയമാണു് അവിടത്തെ വൈദ്യുതവിളക്കുകളുടെ പ്രകാശം. അവിടെ ഈ വൈദ്യുതി വിളക്കുകൾക്കു സ്വിച്ചു ഓൺ ചെയ്തതിനുശേഷം, മെഴുകുതിരിവച്ചും മണ്ണെണ്ണ വിളക്കു് ഉപയോഗിച്ചും കുട്ടികൾക്കു് പഠിക്കേണ്ട ഒരു ഗതികേടു് വന്നു എന്നു പറഞ്ഞാൽ, ഈ ഡിപ്പാർട്ടുമെന്റു് എത്രമാത്രം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നു് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ടതാണു്. ഇപ്പോൾ താൽക്കാലികമായി വന്നിട്ടുള്ള വൈദ്യുതി കുട്ടിന്റെ കാര്യമല്ല ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

കാശില്ല എന്നു പറയുന്നത് ഒരു പരിഹാരമാർഗ്ഗം അല്ല. അന്വേഷണത്തിൽ ഓവർ ലോഡ് ആയതുകൊണ്ട് ഇതിൽ കൂടുതൽ പ്രകാശം കിട്ടാൻ സാധ്യമല്ല എന്നു പറയുകയാണ്. ആളുകളോട് പൈസ ഇഷ്ടംപോലെ വാങ്ങിക്കുകയാണ്. പണം ഇഷ്ടംപോലെ വാങ്ങിച്ചതിനുശേഷം ആവശ്യമായ സംവിധാനങ്ങളില്ലാതെ ആളുകളെ ഈ രീതിയിൽ വഞ്ചിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ ആളുകളിൽ നിന്ന് ഈടാക്കുന്ന തുകയ്ക്ക് ആവശ്യമായ പരിഹാരം കാണണം. ഏതെങ്കിലും ഒരാൾ കോടതിയിൽ പോയികഴിഞ്ഞാൽ തീർച്ചയായിട്ടും ഇവർക്ക് കോമ്പൻസേഷൻ കൊടുക്കേണ്ട ഒരു സ്ഥിതിവിശേഷം വരും. അതിനിടവരുത്താതെ ഈ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലും ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അതിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കണം എന്നും ഈ പ്രമേയം പാസ്സാക്കണം എന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീമതി റേച്ചൽ സണ്ണി പനവേലി: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. വെളിച്ച വിപ്ലവം നടപ്പിലാക്കിയതിനുശേഷം കണ്ണൂർ, കാസർകോട് ജില്ലയിൽ വൈദ്യുതി പ്രശ്നം ഗുരുതരമാണെന്ന പ്രമേയാവതാരകന്റെ അഭിപ്രായം ശരിയാണ്. പക്ഷേ, കണ്ണൂർ, കാസർകോട് ജില്ലയിൽ മാത്രമല്ല എന്റെ ജില്ലയിലും, പ്രത്യേകിച്ചും റാന്നി നിയോജകമണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിലും, സന്ധ്യയായാൽ മെഴുകുതിരി കൂടി ഉണ്ടെങ്കിൽ മാത്രമേ വെളിച്ചം ലഭിക്കുകയുള്ളൂ. അത് ഇന്നും നിലവിലുണ്ട്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി വെളിച്ച വിപ്ലവം പൂർത്തിയായി എന്നു പറയുന്നുണ്ടെങ്കിലും അതിൽ സത്യം ഇല്ല എന്ന് എനിക്ക് നേരിട്ട് അനുഭവമുണ്ട്. വോൾട്ടേജ് ഇല്ലാത്ത റാന്നിയിൽ ഒരു ട്രാൻസ്ഫോർമർ വേണമെന്ന് പല തവണ ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല. ഒരു സബ് സ്റ്റേഷൻ റാന്നിയിൽ സ്ഥാപിക്കണം എന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ മിക്ക ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും ഇന്നേവരെ വൈദ്യുതി എത്തിയിട്ടില്ല. മൂഴിയാർ പവ്വർ ഹൗസിനു തൊട്ടടുത്തു സ്ഥിതി ചെയ്യുന്ന ആങ്ങമൂഴി പ്രദേശത്ത് നാളിതുവരെ വൈദ്യുതി കിട്ടിയിട്ടില്ല. ഈവക കാര്യങ്ങളിൽ ഒന്നു വേണ്ടത്ര ശ്രദ്ധിക്കാതെ വെറും നയപ്രഖ്യാപനം മാത്രം നടത്തുന്ന ഈ ഭരണം അവസാനിപ്പിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിലെ മലയോരപ്രദേശങ്ങളിലെ ജനങ്ങൾ വിദ്യുച്ഛക്തിയുടെ കാര്യത്തിൽ അനുഭവിക്കുന്ന ക്ലേശം ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാനീയവസരം ഉപയോഗിക്കുന്നത്. കണ്ണൂർ, കാസർകോട് ജില്ലകൾ പോലെ തന്നെ നമ്മുടെ സംസ്ഥാനത്തെ മലയോരപ്രദേശങ്ങളിൽ പ്രത്യേകിച്ച് നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിലുള്ള മലയോര പ്രദേശങ്ങളിൽ, വെളിച്ച വിപ്ലവം വരുമ്പോഴും ഇലക്ട്രിക് ലൈറ്റുകൾ മിന്നാമിനുങ്ങിനെ പോലെ കത്തിക്കൊണ്ടിരിക്കുകമാത്രമാണ് ചെയ്യുന്നത്. അത് ഒരു ദുർഗതിയാണ്, ആ പ്രദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം. ട്രാൻസ്ഫോർമറുകൾ കൂടുതൽ വയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ട്. അത് നടപ്പിലാക്കുന്നില്ല. എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ആർ. ഇ. സി. യുടെ സഹായം നമുക്ക് ലഭ്യമാകുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെങ്കിൽ ആ സഹായം ഈ മലയോരപ്രദേശങ്ങളിൽ ലൈൻ സ്ട്രെങ്തനിങ്ങിനും ട്രാൻസ്ഫോർമർ കൂടുതൽ വയ്ക്കുന്നതിനുമായി ഉപയോഗിക്കണമെന്നാണ്. അതുപോലെ തന്നെ തിരുവനന്തപുരം നഗരത്തിലെ അവസ്ഥ, ഇപ്പോഴും തന്നെ ക്രണ്ട് കട്ടിന്റെ പേരിൽ 4 മണിക്കൂർ വെളിച്ചം ഇല്ല. കൃത്യമായി തന്നെ കട്ട് ചെയ്യും. 6 മണി മുതൽ 10 മണി വരെ എന്നു പറഞ്ഞാൽ 6 മണി കഴിയില്ല, 6 മണിക്ക് ഒരു മിനിട്ടിന് മുൻപ് കട്ട് ചെയ്യും. 10 മണി എന്നു പറഞ്ഞാൽ 10 മണി കഴിഞ്ഞ് അര മണിക്കൂർ കൂടി കഴിഞ്ഞിട്ടേ അത് രണ്ടാമത് വരികയുള്ളു. ഇത് ഔദ്യോഗിക, ഔദ്യോഗികമല്ലാതെയുള്ള കട്ടിനു് ആരോടു് പറയാൻ. പെട്ടെന്നു് വോൾട്ടേജ് കൂടും, അപ്പോൾ ഉള്ള ട്യൂബും, കുടലും മാലയും ഒക്കെ തെറിച്ചുപോകും, ഇതാണ് സംഭവിക്കുന്നത്. ഈ നഷ്ടം നികത്താൻ കഴിയുന്നില്ല. വോൾട്ടേജ് പെട്ടെന്ന് കൂടുകയും പെട്ടെന്ന് കുറയുകയും ചെയ്യുന്നതു നിയന്ത്രിക്കാൻ സ്റെബിലൈസർ വേണം. സ്റെബിലൈസർ എല്ലാ വീടുകളിലും വാങ്ങിച്ചു വയ്ക്കാൻ പാവുമോ? ഈ അവസ്ഥയ്ക്ക് എന്തു പരിഹാരം കാണാൻ കഴിയും എന്ന് എനിക്കു് അറിയില്ല. സാങ്കേതിക വിദഗ്ദ്ധൻമാരുമായിട്ട് ആലോചിച്ച് തിരുവനന്തപുരം നഗരിയിലെ ജനങ്ങളം അനുഭവിക്കുന്ന ക്ലേശത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ബഹുമാനപ്പെട്ട അംഗങ്ങളം ഇവിടെ പറഞ്ഞ വോൾട്ടേജ് പ്രശ്നം പൂർണ്ണമായും ശരിയാണ്. ഇലക്ട്രിസിറ്റി ബോർഡ് ഈ കഴിഞ്ഞ 4,5 വർഷക്കാലമായി കൊടുത്ത കണക്ഷനുകളുടെ അടിസ്ഥാനത്തിൽ സബ് സ്റേഷനുകളോ, ട്രാൻസ്ഫോർമറുകളോ, ലൈനുകളോ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഓരോ വർഷവും രണ്ടും, രണ്ടരയും, രണ്ടേമുക്കാലും, ഒന്നരയും, ഒന്നേകാലും ലക്ഷം കണക്ഷനുകളം വീതം 13 ലക്ഷം പുതിയ കണക്ഷനുകളം കഴിഞ്ഞ അഞ്ച് അഞ്ചര വർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് കൊടുത്തു. 42 വർഷക്കാലമായി കൊടുത്തതിനേക്കാളം കൂടുതൽ കണക്ഷൻ അഞ്ചര വർഷക്കാലമായി കൊടുക്കുകയും, പഞ്ചവൽസര പദ്ധതിയിൽ നമ്മളം വകകൊള്ളിച്ചതുകയേക്കാളം വളരെ കൂടുതൽ ഇക്കാര്യത്തിനുവേണ്ടി ചെലവഴിക്കുകയും, മലബാർ പ്രദേശത്ത് 1969-ന് ശേഷമുള്ള മുഴുവൻ കണക്ഷനുകളും, 1982 വരെ കൊടുത്തുതീർക്കുകയും ചെയ്തതുകൊണ്ട് മലബാറിൽ പ്രത്യേകിച്ച് വോൾട്ടേജ് കമ്മി ഇന്ന് വളരെ കൂടുതൽ അനുഭവിക്കുകയാണ്. പൂർണ്ണമായും ഈ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന് കേരളത്തിൽ ഒരു 100 കോടി രൂപയെങ്കിലും ചെലവഴിച്ചാലേ ഈ പറഞ്ഞ കാര്യങ്ങളൊക്കെ പ്രാവർത്തികമാക്കാൻ നമുക്ക് കഴിയുകയുള്ളു. ഇലക്ട്രിസിറ്റി

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ബോർഡിന്റെ ബഡ്ജറ്റിൽ പത്തോ, പതിനഞ്ചോ കോടി രൂപയാണ് ഒരു വർഷം ഇതിനുവേണ്ടി ചെലവഴിക്കാനുള്ളത്. കാരണം വിദ്യുച്ഛക്തി ബോർഡിൽ ശമ്പളം കൊടുക്കുകയും, വാഹനങ്ങളം ഓടിക്കുകയും പ്രോജക്റ്റുകളം ഏറ്റെടുക്കുകയും ഒക്കെ ചെയ്യുന്നതിനു് ആകെ വരുമാനം കഴിഞ്ഞ വർഷം 157 കോടി രൂപയാണ്. ഈ കൊല്ലം നമ്മുടെ വരുമാനത്തിൽ കുറവ് വരും. പവ്വർ കട്ടിന്റെ ഫലമായി സംസ്ഥാനത്ത് വിദ്യുച്ഛക്തി ബോർഡിന് ശരാശരി 4 കോടി രൂപയെങ്കിലും ഇപ്പോൾ പ്രതിമാസം കുറഞ്ഞുകൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. വരുമാനത്തിൽ കുറവും ചെലവുകൂടിയും ഒന്നും കുറയ്ക്കാൻ സാധിക്കാതെയുമിരിക്കുകയാണ്. അതുകൊണ്ട് ലോക ബാങ്കിന്റെയും മറ്റും സഹായത്തോടുകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പ്രദേശങ്ങളിൽ ഇതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുന്നുണ്ട്. മലബാറിൽ വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനുവേണ്ടി ലോവർ പെരിയാറിൽനിന്നും ഒരു 220 കെ.വി ലൈൻ കൂടി അഡീഷണലായി കണ്ണൂരിലേക്ക് വലിക്കാനും, മണ്ണാട്ടുപറമ്പിൽ 220 കെ.വി. സബ് സ്റ്റേഷൻ ഉണ്ടാക്കുവാനും മലബാറിൽ ധാരാളം സബ് സ്റ്റേഷനുകൾ ഉണ്ടാക്കാനുമുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. മലബാറിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം എന്നു പറഞ്ഞാൽ എങ്ങനെ പരിഹരിക്കുമെന്ന് പറയാതെ മാർഗ്ഗമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒക്കെ പരിശോധിക്കാം. ഈ പ്രമേയത്തിന്റെ കാര്യത്തിൽ പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാവുന്നതൊക്കെ ചെയ്യാം. പിന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്. ഇന്ത്യയിലാകെ മഴ കുറഞ്ഞിരിക്കുന്നു. മഴ ഇല്ല എന്ന കാരണംകൊണ്ട് നമ്മൾ പവ്വർ കട്ടിലാണ്. എങ്കിലും പവ്വർ കട്ടിൽ അധികം വരുത്താൻ ചെയ്യാവുന്നതൊക്കെ ഗവൺമെന്റ് ചെയ്യാം. സംസ്ഥാനത്ത് നിലവിലിരിക്കുന്ന ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനു ള്ള, അതായത് ഈ 4 മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് നാളെ മുതൽ എടുത്തുകളയാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലോഡ് ഷെഡ്ഡിംഗ് ആദ്യമായി അവസാനിപ്പിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് തള്ളി.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(2) മാവൂർ റയോൺസ് ഫാക്ടറി സമരം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാനെന്റെ പ്രമേയം അവതരിപ്പിക്കുകയാണ്.

''ആറായിരത്തോളം തൊഴിലാളികളും നേരിട്ടും ആയിരക്കണക്കിന് തൊഴിലാളികളും അനുബന്ധമായും ജോലി ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ മാവൂർ റയോൺസ് ഫാക്ടറി ഒരു വർഷത്തിലേറെക്കാലമായി പൂട്ടിക്കിടക്കുന്നതിൽ ഈ സഭയ്ക്കുള്ള അത്യഗാധമായ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും പ്രസ്തുത ഫാക്ടറി ഇനിയും തുറന്നു പ്രവർത്തിക്കാൻ മാനേജ്മെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ അത് ഗവൺമെന്റ് ഏറ്റെടുത്ത് തുറന്നു പ്രവർത്തിപ്പിക്കുകയും ചെയ്യണമെന്ന് ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.''

സർ, കേരളത്തിലെ വലിയ വ്യവസായസ്ഥാപനങ്ങളിൽ ഒന്നായ മാവൂർ റയോൺസ് ഫാക്ടറി കഴിഞ്ഞ ഒരു വർഷമായി പൂട്ടിക്കിടക്കുകയാണ്. നാലായിരത്തി അഞ്ഞൂറോളം തൊഴിലാളികൾക്ക് നേരിട്ടും പതിനായിരത്തോളം തൊഴിലാളികൾക്ക് പരോക്ഷമായിട്ടും ജോലി കൊടുക്കുന്ന ഒരു സ്ഥാപനമാണിത്. ഈ തൊഴിലാളികളെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് ആളുകൾ, ഒരു വർഷക്കാലമായി തീരാത്ത ദുരിതത്തിലും പട്ടിണിയിലും പ്രയാസത്തിലുമാണ്. ഇപ്പോഴും ഇതിന്

LIBRARY ARCHIVES Kerala Legislative Assembly